# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ:0481–2733512


**വാർത്താക്കുറിപ്പ് 2**

**2023 ഓഗസ്റ്റ് 15**

---

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ.സി.ടി. അരവിന്ദകുമാർ  ദേശീയ പതാക ഉയർത്തി സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡിൻറെ അഭിവാദ്യം സ്വീകരിച്ചു.

വെല്ലുവിളികളെ നിശ്ചയദാർഢ്യംകൊണ്ട് കീഴടക്കി നേടിയ സ്വാതന്ത്ര്യത്തിൻറെ വാർഷിക വേളയിൽ രാജ്യത്തിൻറെ ബഹുസ്വരതയും മതേതരത്വവും സമത്വവും സംരക്ഷിക്കുന്നതിനായി പ്രതിജ്ഞയെടുക്കാൻ ഓരോ പൗരനും കടമയുണ്ടെന്ന് സ്വാതന്ത്ര്യദിന സന്ദേശത്തിൽ വൈസ് ചാൻസലർ പറഞ്ഞു. പരിമിതികൾ ഏറെയുണ്ടെങ്കിലും ജനസംഖ്യയുടെ നിർണായക ശതമാനം വരുന്ന യുവതലമുറ ഏറെ പ്രതീക്ഷ നൽകുന്നുണ്ടെന്ന്  അദ്ദേഹം ചൂണ്ടിക്കാട്ടി.

സിൻഡിക്കേറ്റ് അംഗം ഡോ. എ. ജോസ്, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, ജില്ലാ സൈനിക ക്ഷേമ ഓഫീസർ ഷീബ രവി തുടങ്ങിയവർ പങ്കെടുത്തു. സർവകാലാശാലയിലെ വിവിധ വകുപ്പ് മേധാവികൾ, അധ്യാപകർ, ജീവനക്കാർ, വിദ്യാർഥികൾ, സംഘനടാ പ്രതിനിധികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ് പരേഡിന് നേതൃത്വം നൽകി.ആഘോഷങ്ങളുടെ ഭാഗമായി വിദ്യാർഥിനികളുടെ യോഗാ അവതരണവും നടന്നു.

**ഫോട്ടോ ക്യാപ്ഷൻ..**

1) മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തുന്നു.
2) മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന സ്വാതന്ത്ര്യ ദിനാഘോഷച്ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സ്വാതന്ത്ര്യദിന സന്ദേശം നൽകുന്നു.

(പി.ആർ.ഒ/39/988/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**